**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4657 -**
**22/03/2018 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. എൻ. എ. ഖാദർ | ഡോ. ടി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**ക്ഷാമബത്ത കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, പെൻഷൻകാർക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ; | കേന്ദ്രസർക്കാർ 01/07/2017 പ്രാബല്യത്തിൽ പ്രഖ്യാപിച്ച 1% ക്ഷാമബത്തയും 01/01/2018 ന്റെ പ്രാബല്യത്തിൽ പ്രഖ്യാപിച്ച 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും അനുവദിച്ചു നൽകാനുള്ളത്. 01/01/2018 മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്തയുടെ മെമ്മോറാണ്ടം, കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) എന്ന് മുതലാണ് ഇപ്രകാരമുള്ള തുക കുടിശ്ശികയായതെന്ന് അറിയിക്കാമോ; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര രൂപയുടെ ബാധ്യതയുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ: | 01/07/2017 മുതലുള്ള 1% ക്ഷാമബത്തയാണ് കുടിശ്ശിക ആയിട്ടുള്ളത്. 01/07/2017 മുതലുള്ള 1% ക്ഷാമബത്ത അനുവദിക്കുന്നതിന് വാർഷിക സാമ്പത്തിക ബാധ്യത 362.04 കോടി രൂപയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക എന്നേയ്ക്ക് വിതരണം ചെയ്യുമെന്ന് അറിയിക്കാമോ ? | 01/07/2017 മുതലുള്ള 1% ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ